**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1398** **19-09-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി പി.ഡബ്ല്യൂ .ഡി. റെസ്റ്റ് ഹൗസിലെ ക്യാൻറീനിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ അങ്കമാലി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിലെ ക്യാൻറീനിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | അങ്കമാലി റസ്റ്റ് ഹൗസിൽ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം പ്രതിമാസ വാടക 69,486.00 രൂപയായി അംഗീകാരം ലഭിച്ചതിനെ തുടർന്ന് ഒരു വർഷത്തേക്ക് കാന്റീൻ നടത്തുന്നതിനായി ക്വട്ടേഷൻ നടത്തുകയും ആരും പങ്കെടുക്കാതിരുന്നതിനാൽ പുനർ ദർഘാസ് ക്ഷണിച്ചെങ്കിലും EMD ശരിയായ അഡ്രസിൽ പ്ലഡ്ജ് ചെയ്യാത്തതു മൂലം സിംഗിൾ ബിഡ് നിരസിക്കുകയും വീണ്ടും പല തവണ പുനർ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും പ്രതികരണം ഒന്നും ഉണ്ടായില്ല. പിന്നീട് കാൻറീൻ 2 വർഷത്തേക്ക് പ്രവർത്തിപ്പിക്കുന്നതിനായി അനുവാദം നൽകിയത് പ്രകാരം നടത്തിയ പുനർ ദർഘാസിൽ 2 പേർ പങ്കെടുക്കുകയും ഉയർന്ന നിരക്കിൽ ക്വോട്ട് ചെയ്ത തുകയായ 2,70,000 രൂപ 2 വർഷത്തെ വാടകയുടെ 75% ൽ താഴെ ആയതിനാൽ ക്വട്ടേഷൻ അംഗീകരിക്കാൻ സാധിച്ചില്ല. നിലവിൽ പുനഃദർഘാസ് ക്ഷണിച്ചതിൽ കൂടുതൽ തുക ക്വാട്ട് ചെയ്ത ആൾക്ക് കരാർ നൽകുന്നതിനുള്ള ശുപാർശ എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. കാന്റീൻ നടത്തിപ്പിനായി 09.12.2022 തീയതിയിൽ ആദ്യ ദർഘാസ് ക്ഷണിച്ചതിനുശേഷം 05.07.2025 വരെ 12 തവണ പുനഃദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ഇത്രയും തവണ ദർഘാസ് ക്ഷണിച്ചിട്ടും വളരെ കുറവ് പ്രതികരണം മാത്രം ലഭിച്ചിട്ടുള്ളതിനാൽ ക്യാന്റീൻ നടത്തിപ്പിനായി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള കരാറുകാരന് ക്വട്ടേഷന് അംഗീകാരം നൽകുന്നതിനുള്ള ശുപാർശ കത്ത് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. |
| (ബി) | അങ്കമാലി റെസ്റ്റ് ഹൗസിൽ ക്യാൻറീനിന് ആവശ്യമായ വൈദ്യുത, ശീതീകരണ, | (ബി) | കാന്റീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിലും കൃത്യമായ ഇടവേളകളിൽ കാന്റീൻ ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | പാചകങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയത് കഴിഞ്ഞ 8 വർഷമായി ഉപയോഗശൂന്യമായി പൊടിപിടിച്ച് കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വകുപ്പോ സർക്കാരോ പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | | വൃത്തിയാക്കി സൂക്ഷിക്കാറുള്ളതാണ്. 12 തവണ പുനർ ദർഘാസ് ക്ഷണിച്ചിട്ടും കാന്റീൻ ക്വട്ടേഷൻ ലഭിക്കാത്തതുമൂലമുള്ള കാലതാമസമാണ് കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമായത്. |
| (സി) | അങ്കമാലി റെസ്റ്റ് ഹൗസിൽ ക്യാൻറീനിന്റെ ആവശ്യത്തിനായി വാങ്ങിയ മുഴുവൻ പാചക ഉപകരണങ്ങളുടേയും ഫർണീച്ചർ അനുബന്ധ ഉപകരണങ്ങളുടേയും വാങ്ങിയ വിലയും നിലവിൽ ഉപയോഗിക്കാത്തതിനാൽ കേടായത് മൂലം ഉണ്ടായ നഷ്ടം എത്രയെന്നും ഈ നഷ്ടോത്തരവാദിത്തം ആർക്കാണെന്നും വിശദമാക്കാമോ; | (സി) | ടി ഉപകരണങ്ങളുടെ വാങ്ങിയ വില 984710/- രൂപയാണ്. നിലവിൽ ഉപകരണങ്ങൾ പ്രവർത്തനയോഗ്യമാണ്. |
| (ഡി) | ഉയർന്ന വാടക നിരക്ക് നിശ്ചയിക്കുകയും പലപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാതിരുന്നിട്ടും കഴിഞ്ഞ 8 വർഷമായി ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടന്നിട്ടും ആയതിൻറെ കാരണം വകുപ്പോ സർക്കാരോ അന്വേഷിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | ക്യാന്റീൻ നടത്തിപ്പിനായി 09.12.2022 തീയതി മുതൽ ആദ്യ ദർഘാസ് ക്ഷണിച്ചതിനുശേഷം 05.07.2025 വരെ 12 തവണ പുനഃ ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ് ഇത്രയും തവണ ദർഘാസ് ക്ഷണിച്ചിട്ടും വളരെ കുറവ് പ്രതികരണം മാത്രമാണ് ലഭിക്കുന്നത്. നിലവിൽ 05.07.2025-ൽ ക്ഷണിച്ച ദർഘാസിൽ 2 പേർ പങ്കെടുക്കുകയുണ്ടായി കൂടുതൽ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനായി മദ്ധ്യ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. |
| (ഇ) | എന്ത് കൊണ്ടാണ് ഇത് ടെണ്ടർ ചെയ്ത് പൊതുപണം പ്രയോജനപ്പെടുത്താതിരുന്നതെന്നതിന് ചീഫ് എഞ്ചിനീയറോട് സർക്കാർ വിശദീകരണം ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ; ഇത്തരത്തിൽ സംസ്ഥാനത്ത് ഏതെല്ലാം റെസ്റ്റ് ഹൗസുകളിലാണ് ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നതെന്നതിന്റെ പരിശോധന നടത്തി വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ക്യാന്റീൻ നടത്തിപ്പിനായി 09.12.2022 തീയതി മുതൽ ആദ്യ ദർഘാസ് ക്ഷണിച്ചതിനുശേഷം 05.07.2025 വരെ 12 തവണ പുനഃ ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ് ഇത്രയും തവണ ദർഘാസ് ക്ഷണിച്ചിട്ടും വളരെ കുറവ് പ്രതികരണം മാത്രമാണ് ലഭിക്കുന്നത്. നിലവിൽ 05.07.2025-ൽ ക്ഷണിച്ച ദർഘാസിൽ 2 പേർ പങ്കെടുക്കുകയുണ്ടായി കൂടുതൽ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനായി മദ്ധ്യ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ